II ഇ.ബി. XIII- കേരള നിയമസഭ/XIV-6

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 6, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14 (*151) ഹരിതശ്രീ പദ്ധതി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, '*ഒരു മനുഷ്യന് ഒരു മരം*' എന്ന പേരിൽ പൊതുസ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യ കൈവശസ്ഥലങ്ങൾ തുടങ്ങി സംസ്ഥാനത്തുടനീളം ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെ വൃക്ഷത്തൈകൾ നടാനും അതിലൂടെ പരിസ്ഥിതിപോഷണം ഉറപ്പുവരുത്താനും ഉദ്ദേശിച്ചുകൊണ്ട് '*ഹരിതശ്രീ*' പദ്ധതിക്ക് 2014-15-ൽ തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ്യ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ പൊതുപങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്ക്കരിച്ച പങ്കാളിത്ത പാരിസ്ഥിതിക പരിപാലന പദ്ധതി (Participatory Environment Action Programme–PEAP)-യുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൻകീഴിൽ 2014, 2015 വർഷങ്ങളിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ 10.30-നുമേൽ ഒരു മണിക്കൂർ ഹരിതസമയത്ത് സംസ്ഥാനമൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ വീതം നട്ടുപിടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ/കേന്ദ്ര സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലയിലുള്ള ജനങ്ങളുടെ പങ്കാളിത്തവും യത്നവും ഉറപ്പുവരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. വനവത്ക്കരണത്തിന്റെ ഭാഗമായി '*നക്ഷത്ര വനം*', '*കുട്ടിവനം*' എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും വികസന

പ്രവർത്തനങ്ങൾക്കുവേണ്ടി മുറിക്കുന്ന ഒരു വൃക്ഷത്തിന് പകരമായി പത്ത് വൃക്ഷത്തൈകൾ വീതം വച്ചുപിടിപ്പിക്കുന്നുണ്ടെന്നും മന്ത്രി വിശദീകരിച്ചു. റോഡുകൾക്കിരുവശവും ആഴത്തിൽ വേരിറക്കമുള്ളതും ചെറിയ ഇലകളുള്ളതുമായ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് മുൻഗണന നൽകുന്നതോടൊപ്പം സംസ്ഥാന വ്യാപകമായി ഔഷധ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനും പ്രാധാന്യം നൽകിവരുന്നു. അപകട ഭീഷണി ഉയർത്തുന്നതും റോഡിലേക്ക് ചാഞ്ഞുകിടക്കുന്നതുമായ മരങ്ങൾ വെട്ടിമാറ്റുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുവാദം നൽകിവരുന്നു. അയൽ സംസ്ഥാനങ്ങളുടെ സഹകരണത്തോടുകൂടി വന്യമൃഗ വേട്ട തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഔഷധ സസ്യങ്ങളടക്കം ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സൊസൈറ്റികളിലൂടെ ശേഖരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തി ലാഭവിഹിതം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

15 (*152) <u>റോഡപകടങ്ങൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) നൽകിയ മറുപടിയിൽ, പോലീസ് പട്രോളിംഗ് ശക്തമാക്കിയും ട്രാഫിക് നിയമങ്ങൾ കർശനമാക്കിയും അമിതവേഗം നിയന്ത്രിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് കർശന നടപടി സ്വീകരിച്ചു വരുന്നതായി സഭയെ അറിയിച്ചു. റോഡ് സുരക്ഷ കർശനമാക്കുന്നതിന്റെ ഭാഗമായി വിവിധ ഏജൻസികളുടെ സഹകരണത്തോടെ ഗതാഗത വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ '*<u>ശുഭയാത്ര</u>*' എന്നപേരിൽ കർമ്മ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വാഹനാപകടങ്ങളിൽപെടുന്നവരെ അടിയന്തരമായി ആശുപത്രിയിൽ എത്തിച്ച് വിദഗ്ധ ചികിത്സ നൽകി വിലപ്പെട്ട ജീവൻ രക്ഷിക്കുന്നതിന് '*സ്മൈൽ* എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് സംസ്ഥാന ഗവൺമെന്റ് അപകട ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രധാൻമന്ത്രി സുരക്ഷാ ഭീമാ യോജന, പ്രധാൻമന്ത്രി ജീവൻ ഭീമാ യോജന എന്നീ കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികൾ ഗുണകരമായതിനാൽ പ്രസ്തുത പദ്ധതിയിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ചേരാവുന്നതാണെന്നും മന്ത്രി നിരീക്ഷിച്ചു. വാഹനാപകടങ്ങളിൽപെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം

രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതാണ്. കൊച്ചിൻ റിഫൈനറിയുടെ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് ഉപയോഗിച്ച് ഏർപ്പെടുത്തിയിട്ടുള്ള വിദഗ്ധ ഡോക്ടർമാർ അടങ്ങുന്ന പോലീസ് ആംബുലൻസ് സംവിധാനം എല്ലാ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതടക്കമുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. ഗവൺമെന്റിന്റെ കാര്യക്ഷമമായ നടപടികളിലൂടെ അപകട മരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവർക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി വിജയകരമാകുന്നമുറയ്ക്ക് വ്യാപിപ്പിക്കുന്നതാണെന്നും ഇൻഷ്വറൻസ് പുതുക്കാതെ നിരത്തിലിറക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1699 മുതൽ 1988 വരെയുള്ള ചോദ്യങ്ങളിൽ 256 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *